# ജി.യു.പി.എസ്. നന്ദിപുലം





# അക്കാദമിക മാസ്റ്റർപ്ലാൻ

# 2025 – 2026

ഈ വിദ്യാലയത്തിന്റെ മുൻപിൽ കൂടിയായിരുന്നു ഇവിടുത്തെ പ്രധാന ക്ഷേത്രത്തിലേയ്ക്കുള്ള വഴി 'അയിത്തം' നിലനിന്നിരുന്നതിനാൽ പിന്നോക്ക വിഭാഗക്കാർ പഠിച്ചിരുന്ന ഈ വിദ്യാലയത്തിനു മുൻപിൽ കൂടി ക്ഷേത്രത്തിലേക്കു പോകാൻ മേൽ ജാതിക്കാർ വിസമ്മതിച്ചു. എതിർപ്പുകൾ കൂടി വന്നപ്പോൾ വിദ്യാലയ നടത്തിപ്പ് കുണ്ടനി വീട്ടുക്കാരെ സംബന്ധിച്ച് ഒരു പ്രശ്നമായി മാറുകയും തുടർന്ന് സ്കൂൾ സർക്കാരിന് വിട്ടുകൊടുക്കുകയും ചെയ്തു.

സർക്കാർ അധീനതയിലായതോടെ സ്കൂളിൽ പഠിതാക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായി. പഴയ കെട്ടിടം മതിയാകാതെ വരികയും കെട്ടിടം നാട്ടുക്കാരുടെ കൂട്ടായ്മയിൽ ഉയർന്നു വരികയും ചെയ്തു. തുടർന്ന് ഡിവിഷനുകൾ കൂടിവന്നു. 1 മുതൽ 5 വരെ ക്ലാസ്സുകളെ ആദ്യ നാളുകളിൽ ഉണ്ടായിരുന്നുള്ളു. 5-ാംക്ലാസ്സിനു ശേഷം കുട്ടികൾ പഠനത്തിനായി പോകേണ്ടിയിരുന്നത് കൊടകരയിലേയ്ക്കായിരുന്നു. പുഴയും മറ്റും താണ്ടിയുള്ള യാത്ര വളരെ ദുസ്സഹമായിരുന്നു. പ്രത്യേകിച്ചും മഴക്കാലത്ത് തുടർന്ന് കുണ്ടനി പരമേശ്വരന്റെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുകയും അവരുടെ ശ്രമഫലമായി 1966ൽ സ്കൂൾ അപ്ഗ്രേഡ് ചെയ്തു. സ്കൂളിന്റെ പേര് ജി.യു.പി.എസ്. സ്കൂൾ എന്നാക്കി മാറ്റുകയും ചെയ്തു. ഡി.ഇ.ഒ. ആയിരുന്ന പത്മനാഭൻ ആചാരിയാണ് ഇതിന് അനുമതി നൽകിയത്.

# വിദ്യാലയത്തിന്റെ നിലവിലെ അവസ്ഥാവിശേഷം

## അക്കാദമികം

105 വർഷം പിന്നിട്ട് ഗ്രാമത്തിന്റെ അക്ഷരവെളിച്ചമായി തിളങ്ങി നിൽക്കുന്ന നന്തിപുലം ഗവൺമെന്റ് യു.പി.സ്കൂൾ മികച്ച അക്കാദമിക-അക്കാദമികേതര പ്രവർത്തനങ്ങളുമായി ചാലക്കുടി ഉപജില്ലയിലെ തന്നെ മികച്ച വിദ്യാലയങ്ങളിലൊന്നായി മാറിക്കൊണ്ടിരിക്കുന്നു. കേരളസർക്കാരിന്റെ പ്ലാൻഫണ്ടിൽ നിന്നും ലഭിച്ച 2 കോടി രൂപ ചിലവഴിച്ച് നിർമ്മിച്ച പുതിയ കെട്ടിടത്തിൽ 10 ക്ലാസ് മുറികളും, ഡൈനിങ്ങ് ഹാളും, ടോയ്‌ലറ്റ് കോംപ്ലക്സും, കമ്പ്യൂട്ടർ ലാബും, ലൈബ്രറിയും പൂർണമായും സജ്ജമായിട്ടുണ്ട്. STARS വർണ്ണക്കൂടാരം പ്രീ-പ്രൈമറി നിരവധി കളിയുപകരണങ്ങളും പാർക്കും ആട്ടുപാലവും ജൈവവൈവിധ്യ ഉദ്യാനവും ചേർന്ന് മനോഹരമായി തയ്യാറാക്കിയിരിക്കുന്നു. പഞ്ചായത്ത് അനുവദിച്ച ഫണ്ടിൽ നിന്നും കൂടുതൽ കളിയുപകരണങ്ങൾ വർണ്ണക്കൂടാരത്തിലേക്ക് ലഭ്യമാക്കിയിട്ടുണ്ട്. MLA ഫണ്ടിൽ നിന്നും 5 ലാപ്ടോപ്പുകളും പഞ്ചായത്തിൽ നിന്നും 7 കമ്പ്യൂട്ടറുകളും 2 സ്മാർട്ട് TV കളും നമുക്ക് ലഭിച്ചിട്ടുണ്ട്. എല്ലാ ആധുനിക സൗകര്യങ്ങളോടെയും നമ്മുടെ വിദ്യാലയം നന്തിപുലം ഗ്രാമത്തിൽ ഏറെ പ്രൗഢിയോടെ തലയുയർത്തി നിൽക്കുന്നു.

മാതൃഭൂമി സീഡിന്റെ മികച്ച പരിസ്ഥിതി പ്രവർത്തനങ്ങൾക്കുള്ള ഹരിതജ്യോതി പുരസ്കാരം കഴിഞ്ഞവർഷം നമുക്ക് നേടാൻ സാധിച്ചിട്ടുണ്ട്. ജില്ലാ-ഉപജില്ലാ ക്വിസ് മത്സരങ്ങളിൽ മികച്ച സ്ഥാനങ്ങൾ സ്വായത്തമാക്കാൻ നമ്മുടെ കുട്ടികൾ പ്രാപ്തരായിട്ടുണ്ട്. L.S.S., U.S.S. സ്കോളർഷിപ്പ് പരീക്ഷയിലെ മികച്ച വിജയം, കലാ-കായിക-പ്രവൃത്തിപരിചയമേളകളിലെ മികച്ച വിജയങ്ങൾ എന്നിവ നമ്മുടെ അക്കാദമിക നിലവാരത്തിന്റെ നേർസാക്ഷ്യങ്ങളാണ്. പഞ്ചായത്ത്-മേഖലാതല-ജില്ലാതല വിജ്ഞാനോത്സവ മത്സരങ്ങളിലും തിളക്കമാർന്ന വിജയത്തോടെ നമ്മുടെ വിദ്യാർത്ഥികൾ ഏറെ മുൻപിലാണ്. കുട്ടികളിൽ സാമൂഹ്യപ്രതിബദ്ധതയും സേവന മനോഭാവവും വളർത്തുന്നതിന് വിദ്യാലയത്തിൽ സ്കൂൾ സോഷ്യൽ സർവീസ് സ്കീമിന്റെ ഒരു യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്.

സ്കൂളിലെ മികവാർന്ന പ്രവർത്തനങ്ങൾ പൊതുസമൂഹത്തിലെത്തിക്കുന്നതിന് PTA, പൂർവവിദ്യാർത്ഥി സംഘടന എന്നിവരുടെ സഹകരണം ഏറെ അഭിനന്ദനാർഹമാണ്. ഹെഡ്മിസ്ട്രസ് ശ്രീജയ ടീച്ചറും 11 അധ്യാപകരും മുന്ന് അനധ്യാപകരും വിദ്യാലയത്തിലുണ്ട്. ശ്രീമതി. ജിനിത വിജോയുടെ നേതൃത്വത്തിലുള്ള PTA, ശ്രീമതി. ബിന്ദു മുരുകന്റെ നേതൃത്വത്തിലുള്ള MPTA, ശ്രീ. KV പുരുഷോത്തമന്റെ നേതൃത്വത്തിലുള്ള OSA എന്നിവർ വിദ്യാലയത്തിന് നൽകുന്ന കൈത്താങ്ങ് വിദ്യാലയത്തെ ഉയർച്ചയുടെ പടവുകളിലെത്തിക്കാൻ അത്യന്തം പര്യാപ്തമാണ്.

# അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ജി.യു.പി.എസ്. നന്തിപുലം |
| വിലാസം | : | നന്തിപുലം പി.ഒ.<br>തൃശ്ശൂർ (Dt.) |
| ഫോൺ | : | 0480 - 2763880 |
| സ്കൂൾ കോഡ് | : | 23260 |
| വിദ്യാഭ്യാസ ജില്ല | : | ഇരിങ്ങാലക്കുട |
| വിദ്യാഭ്യാസ ഉപജില്ല | : | ചാലക്കുടി |
| റവന്യൂ ജില്ല | : | തൃശ്ശൂർ |
| ബി.ആർ.സി. | : | കൊടകര |
| സി.ആർ.സി. | : | വരന്തരപ്പിള്ളി |
| ഗ്രാമപഞ്ചായത്ത് | : | വരന്തരപ്പിള്ളി |
| ബ്ലോക്ക് പഞ്ചായത്ത് | : | പുതുക്കാട് |
| ജില്ലാ പഞ്ചായത്ത് | : | തൃശ്ശൂർ |
| നിയമസഭാ മണ്ഡലം | : | പുതുക്കാട് |
| ലോകസഭാ മണ്ഡലം | : | തൃശ്ശൂർ |
| താലൂക്ക് | : | മുകുന്ദപുരം |
| വില്ലേജ് | : | നന്തിപുലം |
| ഇ-മെയിൽ | : | hmgupsnandipulam@gmail.com |

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

- ഓരോ കുട്ടിയും അതത് പ്രായത്തിൽ നേടേണ്ട അറിവും കഴിവും അതിന്റെ പരമാവധിയിൽ ആർജ്ജിച്ചു എന്നുറപ്പാക്കുന്ന മികവിന്റെ കേന്ദ്രങ്ങൾ.
- പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജീവ താൽപര്യത്തോടെ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
- ജനാധിപത്യ സംസ്കാരം പരിശീലിക്കുന്ന ഇടമായി വിദ്യാലയത്തെ മാറ്റിയെടുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേകം പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
- കുട്ടികളിൽ നല്ല മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാരിസ്ഥിക ബോധത്തോടെ ജീവിക്കാനും വരുംതലമുറയ്ക്ക് കൂടി അവകാശപ്പെട്ട ഭൂമിയെ കാത്തുസൂക്ഷിക്കുവാനും വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തമാക്കൽ.
- ശുചിത്വശീലങ്ങൾ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയെടുക്കുന്നതിനുള്ള അന്തരീക്ഷം ഒരുക്കൽ.
- നാടിനെ ലഹരിമുക്തമാക്കുന്ന പ്രവർത്തനങ്ങളിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കൽ.
- ഡിജിറ്റൽ അച്ചടക്കമുള്ള തലമുറയെ വളർത്തിയെടുക്കുന്ന പ്രവർത്തനങ്ങൾ രൂപീകരിക്കൽ
- ശുചിത്വം, ആരോഗ്യം എന്നീ വിഷയങ്ങളിൽ കുട്ടികളിൽ വ്യക്തമായ അവബോധം സൃഷ്ടിക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ ഒറ്റനോട്ടത്തിൽ

### മലയാളം

- അക്ഷരചാർട്ട്
- ഭാഷാകേളികൾ
- അക്ഷരത്തോണി
- ആഭരണമണിയിക്കാം
- വായനാകാർഡുകൾ
- വാർത്തകളെ തരംതിരിക്കൽ
- വായന അനുഭവങ്ങൾ പങ്കുവെയ്ക്കൽ
- എന്റെ പുസ്തകം, എന്റെ കുറിപ്പ്
- വിദ്യാലയ വാർത്തകൾ അവതരണം
- രചനാശിൽപശാലകൾ
- കഥ-കവിത ദൃശ്യാവിഷ്കാരം

### ഇംഗ്ലീഷ്

- English Day
- English Assembly
- ഡയറി എഴുത്ത്
- Skit അവതരണം
- English Fest
- ഇംഗ്ലീഷ് പതിപ്പ്
- English Library
- കൊളാഷ് നിർമ്മാണം
- English Grammer
- ഇംഗ്ലീഷ് വായനാമൂല
- English Games
- English Puzzles
- English News

### ഗണിതം

- ഗണിതമൂല
- പ്രകൃതിയിലെ ഗണിതം
- ശിൽപശാലകൾ
- ഗണിത സെമിനാർ
- മാഗസിനുകൾ
- കളിച്ചെപ്പ്
- ഗണിതലാബ്
- ഗണിതപാർക്ക്
- ഒറിഗാമി
- ഗണിത ക്വിസ്
- ജിയോജിബ്ര

### സാമൂഹ്യശാസ്ത്രം

- പഠനയാത്രകൾ
- സംവാദം
- സ്കൂൾ പാർലമെന്റ് രൂപീകരണം
- വായനമൂല (Atlas, Digest, Yearbook)
- സാമൂഹ്യശാസ്ത്ര ലാബ്
- ആനുകാലികങ്ങളെ പ്രയോജനപ്പെടുത്തൽ (പഠിപ്പുര, വിദ്യ, അക്ഷരമുറ്റം, കിളിവാതിൽ)
- പ്രോജക്ടുകൾ
- സെമിനാർ
- സഹവാസക്യാമ്പ്

- ഫീൽഡ് ട്രിപ്പുകൾ
- തെരുവുനാടകം
- സ്ലൈഡ് പ്രസന്റേഷൻ

**ഹിന്ദി**

- ഹിന്ദി ആവിഷ്കാരങ്ങൾ
- സ്വതന്ത്രവായന
- ഹിന്ദി Typing
- ഹിന്ദി കവിതകൾ
- ചുമർമാസികകൾ
- ഹിന്ദി പ്രഗത്ഭരുമായി സംവദിക്കൽ

**സംസ്കൃതം**

- അക്ഷരകേളികൾ
- നാമപദം ക്രിയാപദം ലഘുവാക്യം
- മൂല്യകഥകൾ
- ചിത്രപദകോശം
- ശ്ലോകാസ്വാദനം
- പൗരാണിക അറിവുകൾ ആർജ്ജിക്കൽ

**മൂല്യാധിഷ്ഠിത വിദ്യാഭ്യാസം**

- ബുള്ളറ്റിൻ ബോർഡിൽ വാർത്തകൾ ശേഖരണം
- പൊതുമുതൽ സംരക്ഷണം
- സന്മാർഗ കഥകൾ അവതരണം
- ലഹരിവിരുദ്ധ ബോധവത്കരണ ക്ലാസുകൾ
- ഡിജിറ്റൽ അച്ചടക്കം ഉറപ്പുവരുത്തൽ

**കായിക പഠനം**

- കായികക്ഷമത പരിശോധന
- Warm Up
- Aerobics
- Skipping Exercises
- Sit Ups
- ഫിസിക്കൽ ഫിറ്റ്നസ് ട്രെയിനിംഗ്
- Flexbility Training
- യോഗാസനങ്ങൾ
- Meditation
- Zumba Dance

**കലാപഠനം**

- ത്രിസ്ഥാനം പാടിക്കൽ
- സപ്തസ്വരങ്ങൾ
- വരിശകൾ
- അലങ്കാരം
- ലളിതഗാനം
- സംഘഗാനം, സംസ്കൃത ഗാനം എന്നിവ ആലാപനം

**അടിസ്ഥാന ശാസ്ത്രം**

- ശാസ്ത്രപാർക്ക്
- പരീക്ഷണങ്ങൾ
- പ്രോജക്റ്റ്
- ശാസ്ത്രമേള
- ഫീൽഡ് ട്രിപ്പ്

# തനതു പ്രവർത്തനങ്ങൾ

1. വായനമുറി
2. നിറയുന്ന ഭൂപടം
3. **News Quiz**
4. വായനാചലഞ്ച്
5. ലഘുപരീക്ഷണം
6. കായിക പരിശീലനം
7. ക്ലാസ് പി.ടി.എ.
   ശാക്തീകരണം

## 1. വായനമുറി - ജൂലായ്, നവംബർ, മാർച്ച്

| മേഖല - അക്കാദമികം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| രക്ഷിതാക്കളെയും കുട്ടികളെയും മികച്ച വായനക്കാരാക്കുക. | രക്ഷിതാക്കൾ, കുട്ടികൾ, അധ്യാപകർ, ഗ്രാന്റ് പേരന്റ്സ് എന്നിവർ ഒത്തുചേരുന്ന ഇടം. 5 കുട്ടികൾ, 5 രക്ഷിതാക്കൾ, ഓരോ അതിഥി | രക്ഷിതാക്കൾ, അധ്യാപകർ, കുട്ടികൾ |
| കുട്ടികളുടെ വായനയും ഭാഷാശേഷിയും വിശകലന ശേഷിയും വർധിപ്പിക്കാം. | സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകവിതരണം. അമ്മമാർ, കുട്ടികൾ | |
| മലയാളഭാഷയുടെ സൗന്ദര്യം, സംസ്കാരം എന്നിവ ആസ്വദിക്കുന്നതിനും സ്വായത്തമാക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ | സാഹിത്യപ്രതിഭയുടെ വിവിധ കൃതികൾ ഒരു ടേമിൽ അവതരിപ്പിക്കുന്നു. | |
| ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം | ബാലസാഹിത്യം, സഞ്ചാരസാഹിത്യം, നോവൽ, കവിതകൾ, എന്നിങ്ങനെ പുസ്തകവായനയിലും, അവതരണത്തിലും തെരഞ്ഞെടുപ്പ് നടത്തുന്നു. | |
| കവികളെയും സാഹിത്യകാരന്മാരെയും അറിയുക, രചനകളിലെ പ്രത്യേകതകൾ തിരിച്ചറിയുന്നു. | വായനക്കുറിപ്പ് - ശേഖരിച്ച് പതിപ്പ് തയ്യാറാക്കൽ | |
| പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ. അവരുടെ വായന, എഴുത്ത്, അനുഭവങ്ങൾ, കുട്ടികളുമായി പങ്കുവെയ്ക്കൽ, പ്രസിദ്ധീകരിക്കൽ | സാഹിത്യ പ്രതിഭകളുമായി സംവദിക്കാനവസരം ലഭിക്കുന്നു. | |

## 2. നിറയുന്ന ഭൂപടം - ജൂലായ് മുതൽ മാർച്ച് വരെ

| മേഖല- അക്കാദമികം | | |
| --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| ഗ്ലോബ്, മാപ്പ് എന്നിവ യഥാവിധി കൈകാര്യം ചെയ്യുന്നതിനും സ്ഥലങ്ങൾ കണ്ടെത്തുന്നതിനും ഉള്ള ശേഷി നേടുന്നു. | അസംബ്ലിയിൽ പ്രധാനവാർത്തകളിൽ ഇടം നേടിയ രാജ്യങ്ങൾ ഗ്ലോബിൽ നിന്നും മാപ്പിൽ നിന്നും കണ്ടെത്തുന്നു. | അധ്യാപകർ<br>കുട്ടികൾ |
| രാജ്യം, സംസ്ഥാനങ്ങൾ, സ്ഥലങ്ങൾ എന്നിവയെ സംബന്ധിച്ച് ധാരണങ്ങൾ - പട്ടിക വിശകലനം | അസംബ്ലി ന്യൂസ് വായനയ്ക്കുശേഷം വാർത്തയിൽ ഇടം നേടിയ സ്ഥലങ്ങളുടെ പേരുകൾ ഒരു സ്ട്രിപ്പിൽ എഴുതി ഇന്ത്യയുടെ മാപ്പിൽ ഒട്ടിക്കുന്നു. | |
| സ്ഥലങ്ങളെക്കുറിച്ചും അവയുടെ സ്ഥാനങ്ങളെക്കുറിച്ചും ധാരണ നേടുന്നു. | മാസത്തിൽ അവസാന ദിവസം മാപ്പുകൾ വിശകലനം ചെയ്യുന്നു. | |
| | എല്ലാ ക്ലാസിലെയും കുട്ടികൾക്ക് ഭൂപടം വിശകലനത്തിന് അവസരം നൽകുന്നു. | |
| | പ്രസ്തുത മാസത്തിൽ വാർത്തകൾ ഏത് സംസ്ഥാനത്തിലാണ്.? | |
| | ഏതുജില്ലയിലാണ് കൂടുതൽ വാർത്തകൾ, | |
| | എല്ലാമാസവും ഇത് തുടരുന്നു. | |

## 3. ന്യൂസ് ക്വിസ് - ജൂലായ് മുതൽ മാർച്ച് വരെ

| മേഖല- അക്കാദമികം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| ആനുകാലിക വിഷയങ്ങളെ അപ്ഡേറ്റ് ചെയ്യൽ. | ദിനപത്രങ്ങളിൽ നിന്നും പ്രധാനപ്പെട്ട വാർത്തകളെ സംബന്ധിക്കുന്ന ചോദ്യങ്ങൾ തയ്യാറാക്കി അസംബ്ളിയിൽ ചോദിക്കുന്നു. | അധ്യാപകർ |
| പൊതുവിജ്ഞാനത്തിലുള്ള അറിവ് വർദ്ധിപ്പിക്കുന്നു.<br>വായനശേഷി വർധിപ്പിക്കുന്നു. | ശരിയുത്തരം നൽകുന്ന കുട്ടികൾക്ക് ടോക്കൺ നൽകുന്നു.<br>കിട്ടിയ ടോക്കണുകൾ കുട്ടികൾ ശേഖരിച്ച് വയ്ക്കുന്നു.<br>ഓരോ ടേമിലും കൂടുതൽ ടോക്കണുകൾ ലഭിച്ച ഓരോ ക്ലാസുകളിലെയും കുട്ടികൾക്ക് പൊതുവേദിയിൽ സമ്മാനം നൽകുന്നു. | |

# 4. വായനാചലഞ്ച് - ജൂലായ് മുതൽ മാർച്ച് വരെ

| മേഖല- അക്കാദമികം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| 1 മുതൽ 7 വരെയുള്ള ക്ലാസിലെ എല്ലാ കുട്ടികൾക്കും സ്വന്തം പാഠപുസ്തകം തെറ്റുകൂടാതെ വായിക്കാൻ ഉള്ള ശേഷി നേടുക | • കുട്ടികളെ വായനയുടെ നിലവാരത്തിനനുസരിച്ച് തരംതിരിച്ച് വായന സാമഗ്രികൾ നൽകുന്നു.<br>• ചിഹ്നം ചേർത്ത വാക്കുകൾ വായിക്കൽ<br>• പത്രങ്ങളിൽ നിന്ന് അക്ഷരങ്ങൾ വെട്ടിയെടുത്ത് അർത്ഥ സമ്പുഷ്ടമായ വാക്യങ്ങൾ ഉണ്ടാക്കൽ<br>• ഓരോ ക്ലാസിലെയും കുട്ടികൾക്ക് അവരുടെ നിലവാരത്തിനനുയോജ്യമായ വായന സാമഗ്രികൾ തയ്യാറാക്കൽ<br>• അധ്യാപകരുടെ വായന കേൾക്കാൻ അവസരം നൽകൽ<br>• പത്രവായന - ക്ലാസ് തലം (10 മിനിറ്റ്)<br>• മഹദ് വ്യക്തികളെക്കുറിച്ചുള്ള ശൈലി കളും പ്രയോഗങ്ങളും പരിചയപ്പെടുത്തൽ<br>• ഒരാഴ്ചയിലെ ആനുകാലിക പ്രസക്തി യുള്ള വാർത്തകൾ ശേഖരിക്കൽ | അധ്യാപകർ, കുട്ടികൾ |

# 5. ലഘുപരീക്ഷണം - ജൂലായ് മുതൽ മാർച്ച് വരെ

| മേഖല- അക്കാദമികം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| ശാസ്ത്ര പഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, . ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക. | ശാസ്ത്രാധ്യാപകന്റെ നേതൃത്വത്തിൽ ലഘുപരീക്ഷണങ്ങൾ ആഴ്ചയിൽ ഒരു ദിവസം അസംബ്ലിയിൽ ചെയ്യുന്നു. | അധ്യാപകർ, കുട്ടികൾ |
| പരീക്ഷണ നിരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ തിരിച്ചറിയാൻ അവസരം ലഭിക്കുന്നു. അന്വേഷണത്വരയെ വർദ്ധിപ്പിക്കുന്നു. | പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നതിന് അവസരം നൽകുന്നു. | |
| ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുക. | കുട്ടികൾക്കും അസംബ്ലിയിൽ പരീക്ഷണം ചെയ്യുന്നതിന് അവസരം നൽകുന്നു.<br>"എന്റെ ശാസ്ത്ര പുസ്തകം" എല്ലാ കുട്ടികൾക്കും. | |

## 6. കായിക പരിശീലനം - ജൂലായ് മുതൽ മാർച്ച് വരെ

| മേഖല - അക്കാദമികം | | |
|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
| കുട്ടികളുടെ കായികക്ഷമത ഉറപ്പുവരുത്തൽ | Warming Up<br>Aerobics | അധ്യാപകർ |
| കായിക പ്രവർത്തനങ്ങളിലൂടെ മനുഷ്യശരീരത്തെയും അതിന്റെ പ്രവർത്തനങ്ങളെയും സജ്ജമാക്കുക. | Exercise<br>Skipping Exercise<br>സുംബാ ഡാൻസ് പരിശീലനം | |

## 7. ക്ലാസ് PTA ശാക്തീകരണം – ജൂലായ് മുതൽ മാർച്ച് വരെ

**മേഖല – അക്കാദമികം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല |
|---|---|---|
| രക്ഷിതാക്കളെ ക്ലാസ് റൂം പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക.<br><br>ക്ലാസുകൾ സ്വയം പര്യാപ്തമാക്കുക. കുട്ടികളുടെ പിറന്നാൾ ആഘോഷങ്ങൾ ഇത്തരം വിഭവസമാഹരണത്തിനായി പ്രയോജനപ്പെടുത്തും.<br><br>ക്ലാസ് റൂം ലൈബ്രറികൾ ശാക്തീകരിക്കുക. അമ്മ വായന- അവതരണം,<br><br>ഹോം ലൈബ്രറികൾ സജ്ജീകരിക്കൽ. | ക്ലാസ്സുകൾ സ്വയം പര്യാപ്തമാക്കണം.<br><br>ക്ലാസ് ലൈബ്രറി ശാക്തീകരണം<br><br>അമ്മ വായനയിലൂടെ കുട്ടികളെയും വായനയിലേക്ക് നയിക്കുന്നു.<br><br>സ്വയം പര്യാപ്തമായ ക്ലാസ് മുറികൾ<br>• ക്ലാസ് ലൈബ്രറി<br>• ദിനപത്രം<br>• ഡിക്ഷനറി<br>• ഗ്ലോബ്<br>• ഭൂപടം<br>• അറ്റ്ലസ്<br>• ക്ലോക്ക്<br>• കലണ്ടർ<br>• വേസ്റ്റ് ബാസ്ക്കറ്റ്<br>• ചൂൽ, ഡസ്റ്റ്പാൻ<br>• ഡോർമാറ്റ്<br>• നോട്ടീസ് ബോർഡ്<br>• എ4, ചാർട്ട് പേപ്പർ<br>• സ്റ്റാപ്ലർ<br>• മാർക്കർ<br>• കത്രിക<br>• പശ<br>• സ്കെയിൽ | യോഗത്തിൽ നിന്നും 5 പേരടങ്ങുന്ന കമ്മിറ്റി രൂപീകരിക്കുന്നു. കൺവീനർ, ജോയിന്റ് കൺവീനർ എന്നിവർ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. ക്ലാസിലേക്കാവശ്യമായ വസ്തുക്കൾ രക്ഷിതാക്കളുടെ സഹായത്തോടെ സമാഹരിക്കുന്നു. (പിറന്നാൾ ആഘോഷങ്ങൾ പ്രയോജനപ്പെടുത്തുന്നു) അധിക വായനയ്ക്കുതകുന്ന പുസ്തകങ്ങളും ക്ലാസുകളിൽ സജ്ജീകരിക്കുന്നു. ക്ലാസ് പി.ടി.എ. യോഗങ്ങളിൽ അമ്മമാരുടെ കഥപറയൽ, പുസ്തക പരിചയം, കഥാവായന എന്നിവയ്ക്ക് അവസരം നൽകുന്നു. |

# ഭാഷാശേഷി വികസനം - മാതൃഭാഷ

<u>ലക്ഷ്യങ്ങൾ</u>

- എല്ലാ കുട്ടികൾക്കും മലയാളഭാഷ ഫലപ്രദമായി വായിക്കാനും എഴുതുവാനുമുള്ള ശേഷി വികസിപ്പിക്കൽ.
- മലയാളഭാഷയുടെ സൗന്ദര്യം, സംസ്കാരം എന്നിവ ആസ്വദിക്കുന്നതിനും സ്വായത്തമാക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ.
- സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുന്നു.
- ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവു നേടുക.
- ഭാഷാശേഷി വികാസത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യതകളെ പ്രയോജനപ്പെടുത്തുക.
- രചനകൾ നവമാധ്യമങ്ങളിലൂടെ പ്രസിദ്ധീകരിക്കൽ.
- ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക.
- വിവിധ സാഹിത്യരൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ.
- ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ.
- അവതരണ മികവ് കൈവരിക്കൽ.
- ഭാഷാപരമായ ശേഷികളുടെ സമഗ്രമായ വികസനം.

മേഖല : അക്കാദമികം — ഉപമേഖല : ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും ആശയവിനിമയം നടത്തുവാനുള്ള ശേഷി വികസിപ്പിക്കുന്നതിന് സർഗ്ഗാത്മക രചനകളിൽ ഏർപ്പെടുന്നതിന് | പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.) | ജൂൺ 2-ാം വാരം | ക്ലാസ് അധ്യാപകർ | 500/- |
| | പരിമിതികൾ പരിഹരിക്കുന്നതിനാവശ്യ മായ പ്രവർത്തന പാക്കേജ് തയ്യാറാക്കു ന്നു. ലൈബ്രറി പുസ്തക വിതരണം. | ജൂൺ 3-ാം വാരം | എസ്.ആർ.ജി. ക്ലാസ്സ് അധ്യാപകൻ | |
| | അക്ഷരചാർട്ട് പ്രദർശനം എല്ലാ ക്ലാസ്സി ലും ഭാഷാ കേളികൾ അക്ഷരത്തോണി വ്യഞ്ജനാക്ഷരങ്ങളെ അറിയാം (കളി) ആഭരണമണിയിക്കാം. | ജൂൺ 4-ാം വാരം മുതൽ ആഗസ്റ്റ് വരെ | ക്ലാസ് അധ്യാപകർ | 500/- |
| | വായനാകാർഡുകൾ, പ്രയോജനപ്പെടു ത്തൽ, ചിത്രവായനാകാർഡുകൾ | സെപ്റ്റംബർ | ക്ലാസ് അധ്യാപകർ | |

| | | | | |
|---|---|---|---|---|
| | പത്രവായന-വാർത്തകളെ തരംതിരിക്കൽ (കൃഷി, കായികം, രാഷ്ട്രീയം, അപകടങ്ങൾ) | ഒക്ടോബർ | | |
| | വർക്ക് ഷീറ്റുകൾ-ലേഖനം | നവംബർ 2-ാം ആഴ്ച | | |
| | ബാലമായികകൾ, പ്രസിദ്ധീകരണങ്ങൾ-വായന | നവംബർ 3, 4 ആഴ്ചകൾ | ക്ലാസ് അധ്യാപകൻ | |
| | അനുഭവങ്ങൾ പങ്കുവെക്കൽ, എന്റെ പുസ്തകം, എന്റെ കുറിപ്പ് - ഉൽപ്പന്നങ്ങൾ കൊണ്ട് പതിപ്പ് തയ്യാറാക്കുന്നു. | ഡിസംബർ | വിദ്യാരംഗം കൺവീനർ അധ്യാപകർ | |
| | വിദ്യാലയ വാർത്തകൾ എഴുതി അവതരിപ്പിക്കുന്നു. | ജനുവരി മുതൽ മാർച്ച് വരെ | അധ്യാപകർ, കൺവീനർ | |
| | വായിച്ച പുസ്തകങ്ങളിലെ പ്രസക്തഭാഗങ്ങളുടെ അവതരണം. | ജനുവരി അവസാനത്തെ ആഴ്ച | അധ്യാപകർ, കുട്ടികൾ | |
| | പഴയ കയ്യെഴുത്തുമാസികകൾ, ആനുകാലികങ്ങൾ എന്നിവ വായന | 2-ാം വർഷം 2018 ജൂൺ | ലൈബ്രേറിയൻ | |
| | നാടകക്കളരി | ജൂലൈ | വിദ്യാരംഗം കൺവീനർ, തിയേറ്റർ, ആർട്ടിസ്റ്റ് | 2000/- ഒ.എസ്.എ. |
| | വായിച്ച കഥകളുടേയും കവിതകളുടേയും ദൃശ്യാവിഷ്ക്കാരം | ആഗസ്റ്റ് | അധ്യാപകർ | |
| | രചനാ ശില്പശാലകൾ | സെപ്റ്റംബർ ഒക്ടോബർ | സാഹിത്യാഭിരുചിയുള്ള അധ്യാപകർ, സാഹിത്യകാരൻ | 2000/- ഒ.എസ്.എ. |

| | | | | |
|---|---|---|---|---|
| മലയാള ഭാഷയുടെ സൗന്ദര്യം, സംസ്കാരം എന്നിവ ആസ്വദിക്കുന്നതിനും സ്വായത്തമാക്കുന്നതിനുമുള്ള ശേഷി വികസിപ്പിക്കൽ | സംവാദം – ആനുകാലിക സംഭവങ്ങൾ | നവംബർ | ഭാഷാധ്യാപകൻ | |
| | കവിതകൾ ഉൾപ്പെടുത്തിയുള്ള അന്താക്ഷരി, വിവിധ കവികളുടെ രചനകൾ പരിചയപ്പെടുന്നു. | ഡിസംബർ | ഭാഷാധ്യാപിക, വിദ്യാരംഗം കൺവീനർ | |
| | പഴഞ്ചൊല്ലുകൾ–പൊരുൾ തേടി | ജനുവരി | ഭാഷാധ്യാപകർ | 500/– |
| | ശൈലികളും പ്രയോഗങ്ങളും അവതരണം, കടംകഥകൾ | ഫെബ്രുവരി | ഭാഷാധ്യാപകർ | 500/– |
| | കവികളെയും സാഹിത്യകാരന്മാരെയും അറിയുക, രചനകളിലെ പ്രത്യേകതകൾ തിരിച്ചറിയുന്നു. | ഫെബ്രുവരി – മാർച്ച് | ഭാഷാധ്യാപകർ | |
| ഭാഷയിലൂടെ വിവിധ ശേഷികളിൽ മികവ് നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിക്കൽ, അവരുടെ വായന/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കൽ പ്രസിദ്ധീകരിക്കൽ. | 3 മാസം | | |
| വിവിധ സാഹിത്യ രൂപങ്ങൾ പരിചയപ്പെടാൻ അവസരമൊരുക്കൽ | പുസ്തകങ്ങൾ വർഗീകരിച്ച് ക്രമീകരിക്കൽ, കാറ്റലോഗ് വിതരണ രജിസ്റ്റർ എന്നിവ പരിചയപ്പെടൽ | 1 മാസം | | |
| ഒരു സാഹിത്യരൂപത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെട്ടിട്ടുള്ള ബാലസാഹിത്യ നോവലുകൾ/ചെറുകഥകൾ എന്നിവ വിവിധ രൂപങ്ങളിലേക്ക് മാറ്റി അവതരിപ്പിക്കൽ. | ദീർഘം | | |
| അവതരണ മികവ് കൈവരിക്കൽ | വിദ്യാലയത്തിലെ ഓഫീസിൽ ക്രമീകരിച്ചിരിക്കുന്ന മൈക്കുപയോഗിച്ച് എല്ലാ ക്ലാസ്സിലും ക്രമീകരിച്ചിരിക്കുന്ന സ്പീക്കറുകളിലേക്ക് ഒഴിവു സമയങ്ങളിൽ കുട്ടികളുടെ കഥ, കവിത എന്നിവയുടെ അവതരണം, ഔദ്യോഗിക അറിയിപ്പുകൾ നൽകൽ | ദീർഘം | | |

| | | | | |
|---|---|---|---|---|
| ഭാഷാപരമായ ശേഷിക ളുടെ സമഗ്രമായ വികസനം | കുട്ടികളുടെ മികച്ച രചനകൾ, സ്കൂൾ ബ്ലോഗിൽ ചേർക്കൽ, മികച്ച പരിപാടി കൾ ആകാശവാണിയിൽ അവതരിപ്പിക്കൽ. | ദീർഘം | | |
| കുട്ടികളിലെ മികച്ച സർഗസൃഷ്ടികൾ പ്രസി ദ്ധീകരിക്കൽ | മാഗസിൻ, പത്രം, ഇൻലൻഡ് മാഗസിൻ എന്നിവയിൽ കുട്ടികളുടെ രചനകൾ പ്രസിദ്ധപ്പെടുത്തൽ. | 1 വർഷം | | |
| ഉച്ചാരണശുദ്ധിയോടെ ഭാഷ കൈകാര്യം ചെയ്യുന്നതിൽ മികവ് നേടുന്നതിന് | മാതൃകാപരമായ അക്ഷരോച്ചാരണ ക്ലാസുകൾ. | ആഗസ്റ്റ് | ഭാഷാധ്യാപകർ | |

# ഇംഗ്ലീഷ് ഭാഷാപഠനം

ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ആത്മവിശ്വാസത്തോടെ വായിക്കുവാനും എഴുതുവാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.
- സാങ്കേതിക വിദ്യാസാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികാസത്തിന് പ്രയോജനപ്പെടുത്തൽ.
- ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരമൊരുക്കുന്നു.
- നാടകീകരണം.
- വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള കഴിവു നേടൽ.
- കളികളിലൂടെ ഭാഷാപഠനം.
- ഇംഗ്ലീഷ് വായനാമൂല ഒരുക്കൽ.

മേഖല : അക്കാദമികം | ഉപമേഖല : ഇംഗ്ലീഷ് ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കുവാനുമുള്ള ശേഷി വികസിപ്പിക്കൽ. | 1. പഠനനില കണ്ടെത്തൽ (പ്രീടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ രണ്ടാം വാരം | ഇംഗ്ലീഷ് ടീച്ചർ | 500/- പി.ടി.എ. |
| | 2. പരിമിതികൾ പരിഹരിക്കുന്നതിന് ആവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ. | ജൂൺ അവസാന വാരം | ഇംഗ്ലീഷ് ടീച്ചർ | - |
| | 3. ആഴ്ചയിൽ ഒരു ദിവസം English Day ആയി ആചരിക്കുന്നു. (അധ്യാപകരും കുട്ടികളും English മാത്രം സംസാരിക്കുന്നു. | ജൂലൈ 1 മുതൽ മാർച്ച് | എല്ലാ അധ്യാപകരും | - |
| | 4. English Assembly അസംബ്ലിയിൽ Story telling, Rhymes, Riddles, Tongue twisters എന്നിവ അവതരിപ്പിക്കുന്നു. | ആഴ്ചയിൽ 2 ജൂലൈ 1 മുതൽ മാർച്ച് വരെ | ഇംഗ്ലീഷ് ടീച്ചർ | 500/- പി.ടി.എ. |
| | 5. ഡയറി<br>ഡയറി എഴുതാനും അവതരിപ്പിക്കാനും അവസരം. ന്യൂസ് തയ്യാറാക്കൽ-വിദ്യാലയ വാർത്തകൾ. | ആഴ്ചയിൽ 2<br>ആഴ്ചയിൽ 1<br>ആഴ്ചയിൽ2 | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ടീച്ചർ | - |

| | | | | |
|---|---|---|---|---|
| | 6. ഇംഗ്ലീഷ് വാർത്താ വായന അസംബ്ലിയിൽ | ആഴ്ചയിൽ 1 | ഇംഗ്ലീഷ് ടീച്ചർ | - |
| | 7. സ്കിറ്റ് അവതരണം English പാഠഭാഗവുമായി ബന്ധപ്പെട്ട സ്കിറ്റ് അവതരണം. | | ഇംഗ്ലീഷ് ടീച്ചർ | - |
| | 8. English Fest വിവിധ വ്യവഹാര രൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് (Conversation, Self introduction, Story telling, Rhymes, Riddles, Story arrangement, Description (Oral) Action songs, English book review, Skit etc.) | ടേമിൽ 1<br>സെപ്തംബർ<br>ഡിസംബർ<br>ഫെബ്രുവരി | എല്ലാ അധ്യാപകരും | 1000/-<br>അധ്യാപകർ |
| | 9. ഇംഗ്ലീഷ് - ലൈബ്രറി സജ്ജമാക്കൽ കഥാപുസ്തകങ്ങൾ, ഇംഗ്ലീഷ് പത്രങ്ങൾ, വായനാസാമഗ്രികൾ, എന്നിവ ശേഖരിക്കുന്നു | ആഗസ്റ്റ് മുതൽ | എല്ലാ അധ്യാപകരും രക്ഷിതാക്കൾ | 5000/-<br>ഒ.എസ്.എ. |
| | 10. ഇംഗ്ലീഷ് പതിപ്പുകൾ, മാഗസിനുകൾ, വായനാകാർഡുകൾ | ആഗസ്റ്റ് മാർച്ച് | ഇംഗ്ലീഷ് ടീച്ചർ | 1000/-<br>അധ്യാപകർ |
| | 11. ICT സാധ്യതകൾ പ്രയോജനപ്പെടുത്തൽ<br>- കഥകൾ കേൾക്കാൻ<br>- Rhymes<br>- ആക്ഷൻ സോങ്<br>- സംഭാഷണം<br>- വാർത്താവതരണം<br>- ഡോക്യുമെന്ററികൾ<br>- ഫിലിം | ജൂൺ മുതൽ മാർച്ച് വരെ | ഭാഷാധ്യാപകർ | |
| | 12. English Day ആചരിക്കുന്നു. ആഴ്ചയിൽ 2 ദിവസം. | 2018 ജൂൺ മുതൽ മാർച്ച് വരെ | അധ്യാപകരും കുട്ടികളും | |
| | 13. Vocabulary വർധിപ്പിക്കൽ - ഓരോ കുട്ടിയും 1 ദിവസം ഒരു ഇംഗ്ലീഷ് വാക്ക് വീതം പഠിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | കുട്ടികൾ, ഭാഷാധ്യാപിക | |
| | 14. Description - വിവിധ വിഷയങ്ങൾ ചിത്രങ്ങൾ നൽകി - വിവരണം തയ്യാറാക്കൽ | | | |

| | | | | |
|---|---|---|---|---|
| | 15. English Fest നാടകം, റീഡേഴ്സ് തീയ്യറ്റർ | ഒടമിൽ 1 | ഇംഗ്ലീഷ് അധ്യാപകർ, കുട്ടികൾ, രക്ഷിതാക്കൾ | 500/- |
| | 16. ഇംഗ്ലീഷ് പതിപ്പുകൾ, മാഗസിൻ, കൊളാഷ് നിർമ്മാണം | | ഇംഗ്ലീഷ് അധ്യാപകർ, കുട്ടികൾ | 1000/- |
| | 17. ഇംഗ്ലീഷ് ലൈബ്രറി വിപുലമാക്കൽ | | രക്ഷിതാക്കൾ ഒ.എസ്.എ., പി.ടി.എ. | 10,000/- ഒ.എസ്കഎ. |
| 2. വ്യാകരണശുദ്ധിയോടെ ഭാഷ ഉപയോഗിക്കുന്നതിനുള്ള കഴിവു നേടൽ | വ്യാകരണത്തിന് പ്രാധാന്യം നൽകിയിട്ടുള്ള ഇംഗ്ലീഷ് ക്ലാസ്സുകൾ | ദീർഘം | | |
| 3. കളികളിലൂടെയുള്ള ഭാഷാപഠനം | ഇംഗ്ലീഷ് പദപ്രശ്നം നിർമിക്കുന്നു. കുട്ടികൾക്ക് ഉത്തരം കണ്ടെത്തുവാൻ നിശ്ചിത ദിവസം നൽകുന്നു. | ദീർഘം | | |
| 4. ഇംഗ്ലീഷ് വായനാമൂല ഒരുക്കൽ | ക്ലാസ്മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരം ഒരുക്കുന്നു. | 1 മാസം | | |

# ഗണിതം

*ലക്ഷ്യങ്ങൾ*

- ഗണിതപഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ.
- ഗണിതം മധുരതരമാക്കൽ..
- രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും.

**മേഖല : അക്കാദമികം** **ഉപമേഖല : ഗണിതപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. സംഖ്യാബോധം ഉറപ്പിക്കൽ<br>2. ചതുഷ്ക്രിയകൾ യഥാ വിധി പ്രയോഗിക്കാൻ പ്രാപ്തരാക്കുക.<br>3. പ്രകൃതിയിൽ കാണുന്ന ഗണിത ആശയങ്ങൾ കണ്ടെത്തി തന്റെ ജീവിതത്തിൽ പ്രയോഗിക്കാൻ പ്രാപ്തരാക്കുക.<br>4. ഗണിതത്തിന്റെ സൗന്ദര്യം ആസ്വദിക്കാൻ കഴിവ് നേടുക.<br>5. ഗണിതത്തിൽ അഭിരുചി വളർത്തൽ.<br>6. അളവ്, സമയം, തൂക്കങ്ങൾ, എന്നിവയെക്കുറിച്ച് ധാരണ.<br>7. ഉപകരണങ്ങൾ ഉപയോഗിക്കുന്നത് പ്രാപ്തരാക്കൽ. | പ്രീടെസ്റ്റ് നടത്തി പരിമിതികളും മികവുകളും കണ്ടെത്തുന്നു. | ജൂൺ | ക്ലാസ് അധ്യാപിക | – |
| | പരിമിതികളുടെ പരിഹാരത്തിനാവശ്യമായ പ്രവർത്തന പാക്കേജ് തയ്യാറാക്കൽ | ജൂലൈ 2–ാം വാരം | ഗണിതാധ്യാപകർ | – |
| | ക്ലാസുകളിൽ ഗണിതമൂല സജ്ജമാക്കൽ. ആവശ്യമായ വസ്തുക്കൾ ലിസ്റ്റ് ചെയ്യുന്നു. ശേഖരിക്കുന്നു. ആവശ്യമായവ നിർമ്മിക്കുന്നു. | ജൂലൈ മൂന്നാം വാരം | ക്ലാസ് അധ്യാപകർ | 7000/– ഗ്രാന്റുകൾ അധ്യാപകർ |
| | ഗണിതപാട്ടുകൾ, കഥകൾ, പാറ്റേണുകൾ, കളികൾ, കുസൃതികണക്കുകൾ എന്നിവ ഗണിതമൂലയിൽ സജ്ജീകരിക്കുന്നു. | ആഗസ്റ്റ് | ക്ലാസ് അധ്യാപകർ, രക്ഷിതാക്കൾ | 2000/– പി.ടി.എ. |
| | സംഖ്യാബോധം, സംഖ്യാവ്യാഖ്യാനം, ചതുഷ്ക്രിയകൾ, എന്നിവ ഉൾപ്പെട്ട വർക്ക്ഷീറ്റുകൾ തയ്യാറാക്കുന്നു. കുട്ടികൾക്കായി നൽകുന്നു. | ആഗസ്റ്റ് 2–ാം വാരം | ക്ലാസ് അധ്യാപകർ | 1000/– പി.ടി.എ. |
| | പ്രവർത്തനം കടയിലേക്ക് കട സജ്ജീകരണം – വിൽക്കൽ, വാങ്ങൽ ഗണിത ആശയങ്ങളുടെ പ്രയോഗം | ആഗസ്റ്റ് അവസാനം | ക്ലാസ് അധ്യാപകർ, പി.ടി.എ. | 1000/– പി.ടി.എ. |

# ശാസ്ത്ര പഠനം

**ലക്ഷ്യങ്ങൾ**

* ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
* ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക
* ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
* ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിജയപ്പെടുത്തുക.
* കുട്ടികളുടെ അന്വേഷണത്വരയെ വർദ്ധിപ്പിക്കുന്നു.

  പരീക്ഷണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ തിരിച്ചറിയുന്നു.
* പരിസ്ഥിതി സംരക്ഷണം സ്വന്തം ഉത്തരവാദിത്വമാണെന്ന് തിരിച്ചറിയുന്നു

മേഖല : അക്കാദമികം | ഉപമേഖല : ശാസ്ത്രപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക, ശാസ്ത്രാവബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.<br>• ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവങ്ങൾ ഒരുക്കുക.<br>• ശാസ്ത്രപ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകരണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>• ഇതിന് ഉതകുംവിധം ആധു നിക സൗകര്യങ്ങളോടെ യുള്ള ലാബ് സജ്ജമാ ക്കുക.<br>• ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികളെ പരിചയപ്പെടുത്തുക.<br>• ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യാസാധ്യതകൾ ശാസ്ത്രപഠന ത്തിനായി പ്രയോജനപ്പെടുത്തുക. ഒന്നു മുതൽ 7 വരെ ക്ലാസ്സുക ളിലെ പരിസ രപഠന പ്രവർത്തന ങ്ങൾ ഫലപ്രദമായി ചെയ്യുന്ന തിനും പഠന നേട്ടം ഉറപ്പാക്കുന്ന തിനും.<br>• പരീക്ഷണനിരീക്ഷ ണങ്ങളിലൂടെ ശാസ്ത്രതത്വങ്ങൾ തിരിച്ചറിയാൻ അവസരം ലഭിക്കുന്നു. സ്വയം പഠനത്തിന് അവസരം ലഭിക്കുന്നു. അന്വേഷണ ത്വരയെ വർദ്ധിപ്പിക്കുന്നു. പുതിയ കണ്ടുപിടുത്തങ്ങൾക്ക് വഴിയൊരുക്കുന്നു. | ഓരോ ക്ലാസിലേയും പരിസ രപഠനവുമായി ബന്ധപ്പെട്ട ശാസ്ത്രമൂലയിൽ ഉണ്ടായി രിക്കേണ്ട വസ്തുക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നു. | ആഗസ്റ്റ് | സയൻസ് അധ്യാപകൻ | |
| | തയ്യാറാക്കിയ ലിസ്റ്റിനെ ശേഖരിക്കേണ്ടവ, വാങ്ങേ ണ്ടവ, നിർമ്മിക്കേണ്ടവ, ക്ലാസിൽ സൂക്ഷിക്കേണ്ടവ എന്നിങ്ങനെ തരംതിരിക്കുന്നു. | സെപ്റ്റംബ ർ | സയൻസ് അധ്യാപകൻ | |
| | ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ കണ്ടെത്തി സജ്ജമാ ക്കുന്നു. സാമഗ്രികൾ വാങ്ങുന്നു. | സെപ്റ്റംബ ർ അവസാന വാരം | സയൻസ് അധ്യാപകൻ പി.ടി.എ. | 2000/- |
| | ശാസ്ത്രമൂലയിൽ ഉൾപ്പെടുത്തേണ്ട പരിസ്ഥിതി സൗഹൃദപരമായ വസ്തു ക്കൾ കണ്ടെത്തി സമാഹരിക്കുന്നു. | ഒക്ടോബർ | കുട്ടികൾ, രക്ഷിതാക്ക ൾ | |
| | പരീക്ഷണ സാമഗ്രികളുടെ നിർമ്മാണ ശില്പശാല. (പി.ടി.എ., എസ്.എസ്.ജി., അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട്.) | ഒക്ടോബർ അവസാനം | എച്ച്.എം. സയൻസ് അധ്യാപകർ | 2000/- |
| | ക്ലാസ് മുറിയിൽ റാക്കുകൾ സ്ഥാപിച്ച് ശാസ്ത്രമൂല സജ്ജമാക്കുന്നു. ശാസ്ത്ര സംബന്ധിയായ പുസ്തകങ്ങൾ ഒരുക്കുന്നു. | നവംബർ ആദ്യം | എച്ച്.എം., പി.ടി.എ. | 5000/- |
| | സ്കൂൾ ശാസ്ത്രലാബ് സജ്ജമാക്കൽ - ക്ലാസ് മുറിയിൽ സൂക്ഷിക്കാൻ കഴിയാ ത്തവ ലിസ്റ്റ് ചെയ്ത് സജ്ജമാക്കുന്നു. | നവംബർ | സയൻസ് അധ്യാപകൻ | 10000/- |
| | പരീക്ഷണ ശിൽപശാല - ശാസ്ത്രാഭി രുചിയുള്ള അധ്യാപകന്റെ നേതൃത്വ ത്തിൽ ചെറുതും വലുതുമായ പരീക്ഷ ണങ്ങൾ ചെയ്ത് | നവംബർ | സയൻസ് അധ്യാപകൻ | |

| | | | | |
|---|---|---|---|---|
| | പരിശീലനം. | | | |
| | ശാസ്ത്രദിനാചരണങ്ങളുമായി ബന്ധപ്പെട്ട് ശാസ്ത്രവിദഗ്ധരുടെ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. (വാനനിരീക്ഷണ ക്ലാസുകൾ...) | ഡിസംബർ | സയൻസ് അധ്യാപകൻ | 2000/- |
| | ക്വിസ് മത്സരം, പ്രോജക്റ്റ്, സെമിനാർ, **സഹവാസക്യാമ്പ്** - ശാസ്ത്ര ക്ലാസുകൾ, വാനനിരീക്ഷണം | ഡിസംബർ നാലാം ആഴ്ച | ശാസ്ത്രാധ്യാപിക, പി.ടി.എ., രക്ഷിതാക്കൾ, അധ്യാപകർ | 15,000/- പി.ടി.എ. |
| | ശാസ്ത്രപഠനയാത്ര - ഫാക്ടറികൾ, കൃഷിയിടങ്ങൾ, കുടിൽവ്യവസായ ശാലകൾ (കളിമണ്ണ്, പപ്പടം) | ജനുവരി | പി.ടി.എ., ഹെഡ്മിസ്ട്രസ്, ശാസ്ത്രാധ്യാപിക | 5,000/- പഞ്ചായത്ത് |
| | ICT സാധ്യത ഉപയോഗപ്പെടുത്തുന്നു. പാഠഭാഗങ്ങൾ സ്ലൈഡുകൾ തയ്യാറാക്കി പ്രോജക്ടിലൂടെ അവതരിപ്പിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ശാസ്ത്രാധ്യാപകൻ | |
| പരിസ്ഥിതി സംരക്ഷണം തന്റെ ഉത്തരവാദിത്ത മാണെന്ന് തിരിച്ചറിയു ന്നു. പരിസ്ഥിതി സംരക്ഷണം മനോഭാവം വളരുന്നു. തന്റെ തിരിച്ച റിവ് സമൂഹവുമായി പങ്കുവയ്ക്കുന്നു. | തെരുവുനാടകം - ജലസംരക്ഷണം (ജൂൺ മാസത്തിൽ ഉൾപ്പെടുത്തണം) | ജൂൺ മാസം | അധ്യാപകർ, പി.ടി.എ. | 2000/- ഒ.എസ്.എ. |

# സാമൂഹ്യശാസ്ത്രപഠനം

**ലക്ഷ്യങ്ങൾ**

- പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന്.
- ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക.
- ജനാധിപത്യ നടപടിക്രമങ്ങൾ പരിചയപ്പെടുന്നു. ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നു.
- സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിപ്പിക്കുന്നു.
- സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിലകലം |
|---|---|---|---|---|
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ. | ഹ്രസ്വം | | |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക. | സമകാലിക പ്രസക്തിയുള്ള സാമൂഹിക ശാസ്ത്രവിഷയങ്ങളെക്കുറിച്ച് സംവാദം നടത്തുന്നു. | ദീർഘം | | |
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കുന്നു. | പ്രകടനപത്രിക, പ്രചാരണം, മീറ്റ് ദി കാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ വച്ചുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരിക്കൽ. മന്ത്രിസഭാ രൂപീകരണം. സത്യപ്രതിജ്ഞ. | ഹ്രസ്വം | | |
| സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കാനവസരം ഒരുക്കുന്നു. | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ, ഇയർബുക്കുകൾ, ഡൈജസ്റ്റുകൾ എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര വായനമൂല ഒരുക്കൽ. | 1 മാസം | | |
| സാമൂഹ്യശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ. | എല്ലാ ദിവസത്തെയും സാമൂഹ്യശാസ്ത്ര സംബന്ധിയായ വാർത്തകൾ ബുള്ളറ്റിനിൽ പ്രദർശിപ്പിക്കുന്നു. | ദീർഘം | | |

| | | | | |
|---|---|---|---|---|
| | സ്കൂളിലെ പത്രങ്ങളിലെ പരിപ്പൂര, വിദ്യ, അക്ഷരമുറ്റം, കിളിവാതിൽ എന്നിവ ശേഖരിച്ച് ബാലവേദിയിൽ അവതരണം പങ്കുവയ്ക്കൽ, ക്വിസ് മത്സരം. | | | |
| ഗ്ലോബ്, അറ്റ്ലസ് എന്നിവയിൽ നിന്നും രാജ്യങ്ങൾ കണ്ടെത്തുന്നതിനുള്ള ശേഷി നേടൽ. | അസംബ്ലിയിൽ പ്രധാനവാർത്തകളിൽ ഇടംനേടിയ രാജ്യങ്ങൾ ഗ്ലോബിൽ നിന്നും മാപ്പിൽ നിന്നും കണ്ടെത്തുന്നു. | | | |

# ഹിന്ദി

## ലക്ഷ്യങ്ങൾ

- ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വികസിപ്പിക്കുക.
- ഹിന്ദിയിലുള്ള ആവിഷ്കാരങ്ങൾക്ക് (പ്രസംഗം, കഥ പറയൽ, കവിത ചൊല്ലൽ, സ്കിറ്റ്, ചുമർപത്രിക, അഭിമുഖം) അവസരമൊരുക്കുക.
- സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക.
- കവിതാസ്വാദനം
- സാങ്കേതികവിദ്യാസാധ്യതകൾ ഹിന്ദിഭാഷാവികാസത്തിന് പ്രയോജനപ്പെടുത്തുക.

മേഖല : അക്കാദമികം ഉപമേഖല : ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദിയിൽ ആശയവിനിമയത്തിനുള്ള ശേഷി വിക സിപ്പിക്കുക. | നാട്ടിലെ ഹിന്ദിയിൽ പ്രാഗത്ഭ്യമുള്ളവരു മായി സംവദിക്കുന്നതിനുള്ള അവസരം ഒരുക്കം. ക്ലാസ് റൂമിൽ വിവിധ സന്ദർഭ ങ്ങൾ കൊടുത്ത് ആശയവിനിമയത്തിനുള്ള അവസര മൊരുക്കൽ. | ജൂലൈ മാസം മുതൽ | ഹിന്ദി അധ്യാപിക | |
| ഹിന്ദിയിലുള്ള ആവിഷ് കാരങ്ങൾക്ക് അവസര മൊരുക്കുക. | കവിത ചൊല്ലൽ, കഥപറയൽ, ചുമർപ ത്രിക, പ്രസംഗം, സ്കിറ്റ് എന്നീ പ്രവർ ത്തനങ്ങൾ ചെയ്യുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ മാസം മുതൽ | ഹിന്ദി അധ്യാപിക | |
| സ്വതന്ത്രവായനയ്ക്ക് സജ്ജരാക്കുക. | ലൈബ്രറിയിലുള്ള വിവിധ സാഹിത്യരൂ പങ്ങൾ പരിചയപ്പെടുന്നു. | ജൂൺ മാസം മുതൽ | ഹിന്ദി അധ്യാപിക | |
| സാങ്കേതിക വിദ്യാസാ ധ്യതകൾ ഹിന്ദി ഭാഷാ വികാസത്തിന് പ്രയോജ നപ്പെടുത്തുന്നു. | ഹിന്ദി ടൈപ്പിംഗിന് പരിശീലനം. പ്രശസ് ത ഹിന്ദി കവികളുടെ കവിതകൾ കേൾ ക്കുന്നതിന് അവസരം. | സെപ്തം ബർ മുതൽ | ഹിന്ദി അധ്യാപിക | |

# സംസ്കൃതം

## ലക്ഷ്യങ്ങൾ

- സരളമാർഗങ്ങളിലൂടെ സംസ്കൃതഭാഷാപഠനം സുഗമമാക്കൽ.
- മൂല്യബോധമുണർത്തുന്ന കഥകളിലൂടെയും സൂക്തങ്ങളിലൂടെയും സംഭാഷിതങ്ങളിലൂടെയും പൈതൃകത്തിലധിഷ്ഠിതമായ അറിവുകൾ ആർജ്ജിക്കൽ.
- നാമപദങ്ങളെയും ക്രിയാപദങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ട് ലഘുവാക്യങ്ങൾ നിർമ്മിക്കൽ, ശേഷം ലഘുകഥകളുടെ രൂപീകരണം.
- കാവ്യങ്ങളിലെ ലളിതമായ ശ്ലോകങ്ങൾ ആസ്വദിക്കാൻ അവസരമൊരുക്കുക.

മേഖല : അക്കാദമികം

ഉപമേഖല : സംസ്കൃതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംസ്കൃതപഠനം സരളമാക്കൽ | വിവിധ അക്ഷര കേളികളിലൂടെ പദങ്ങൾ പരിചയപ്പെടുത്തുന്നു. ചിത്രപദകോശ ത്തിന്റേയും സഹാ യത്തോടെ കൂടുതൽ പദങ്ങൾ കണ്ടെത്താനും പരിചയപ്പെ ടാനും അവസരമൊരുക്കുന്നു. അക്ഷര ങ്ങളെ ഉച്ചാരണശുദ്ധിയോടെ ഉച്ച രിക്കുന്നതിന് അവസരം ഒരുക്കു ന്നു. | 1 മാസം | സംസ്കൃത അധ്യാപിക | 500/- |
| മൂല്യബോധത്തിലധിഷ്ഠി തമായ കഥകളിലൂടെ പൗരാണികമായ അറിവുകൾ ആർജ്ജിക്കൽ. | വിവിധങ്ങളായ പഞ്ചതന്ത്രം ഹിതോപദേശ കഥകൾ എന്നിവ എല്ലാദിവസം കുട്ടികൾക്ക് കേൾ ക്കുന്നതിനുള്ള അവസരമൊരു ക്കുന്നു. വിവിധ സുഭാഷിതങ്ങൾ, സൂക്തങ്ങൾ എന്നിവ യിലടങ്ങിയ മൂല്യങ്ങൾ അസംബ്ലിയിൽ അവത രിപ്പിക്കുന്നു. | 1 വർഷം | സംസ്കൃത അധ്യാപിക | |
| നാമപദം, ക്രിയാപദം, ലഘുവാക്യം | വിവിധ വസ്തുക്കളിലൂടെയും സ്ഥലനാമ ങ്ങളിലൂടെയും വ്യക്തി നാമങ്ങളിലൂടെയും വിവിധ പ്രവർ ത്തികളിലൂടെയും നാമപദങ്ങളേ യും ക്രിയാപദങ്ങളെയും പരിചയ പ്പെടുത്തുന്നു. ലഘുവാക്യങ്ങൾ നിർമ്മിക്കുന്നു. ശേഷം ലഘുവാക്യ ങ്ങൾ ഉപയോഗിച്ച് വർണന, വിവര ണം എന്നിവ തയ്യാറാക്കുന്നു. | 1 വർഷം | സംസ്കൃത അധ്യാപിക | |
| ശ്ലോകാസ്വാദനം | സംസ്കൃത സാഹിത്യത്തിലെ വിവിധങ്ങളായ ലളിത ശ്ലോകങ്ങളെ ആസ്വദിക്കുവാനുള്ള അവസരം അസംബ്ലിയിൽ ഒരുക്കുന്നു. സംസ്കൃത ചലച്ചിത്രഗാനങ്ങൾ, ശ്ലോകങ്ങൾ എന്നിവയുടെ സി.ഡി. മുഖേന കേൾക്കുന്നതിന് അവസരമൊരുക്കുന്നു. | 1 വർഷം | സംസ്കൃത അധ്യാപിക | |

# കലാപഠനം

## ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളിലും സംഗീതത്തിന്റെ അടിത്തറ ഉറപ്പിക്കുന്നു.
- രക്ഷാകർത്താക്കളിൽ നിന്ന് കിട്ടിയ നൈസർഗ്ഗികമായ കലാവാസനകൾ തിരിച്ചറിഞ്ഞ് പരിപോഷിപ്പിക്കുന്നതിനോടൊപ്പംതന്നെ മറ്റ് കലകളുടെ സൗന്ദര്യവും സ്വഭാവവും ഉൾക്കൊള്ളാൻ പരിശീലിപ്പിക്കുന്നു.
- പഠിച്ച കലയുടെ ഊർജ്ജം ഉൾക്കൊണ്ട് പുതിയ ചിന്തകളിലൂടെ സ്വന്തമായ സൃഷ്ടികൾ രൂപപ്പെടുത്തുന്നു.
- ഗുരുവിന്റെ ശിക്ഷണത്തിലൂടെയോ അല്ലാതെയോ കലാമത്സരങ്ങളിലൂടെ പൊതുസമൂഹത്തിലേക്ക് എത്തിക്കുക.

മേഖല : അക്കാദമികം ഉപമേഖല : കലാപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികളിലും സംഗീതത്തിന്റെ അടിത്തറ ഉറപ്പിക്കുന്നു. | • സംഗീത പഠനത്തിന്റെ തുടക്കമായ സ, പ, സ, (ത്രൃസ്ഥാനം) പഠിക്കുന്നു.<br>• സപ്തസ്വരങ്ങൾ, വരിശകൾ, അലങ്കാരം എന്നിവ പഠിപ്പിക്കുന്നു.<br>• സ്കൂളിലേക്കാവശ്യമായ പ്രാർ ത്ഥനകൾ, ദേശഭക്തിഗാനം, നാടൻ പാട്ട്, കലാമത്സരങ്ങൾക്കാവശ്യമായ സംഘഗാനം, ദേശഭക്തിഗാനം സംസ്കൃതഗാനം എന്നിവ പഠിപ്പിച്ച് സ്വയം പാടാൻ പ്രാപ്തരാക്കുന്നു. | ജൂൺ മാസം മുതൽ | സംഗീതാധ്യാപിക | |

# കായികപഠനം

## ലക്ഷ്യങ്ങൾ

- കുട്ടികളെ ആരോഗ്യ-കായികക്ഷമത നേടുന്നതിന് പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പുവരുത്തുക.
- ആരോഗ്യശീലങ്ങൾ വളർത്തുക.
- ജീവിതശൈലീ രോഗങ്ങളെ പ്രതിരോധിക്കൽ.
- കായികപ്രവർത്തനങ്ങളിലൂടെ മനുഷ്യശരീരത്തെയും അതിന്റെ പ്രവർത്തനങ്ങളെയും സജ്ജമാക്കുക.
- ഗെയിമുകളുടെ അടിസ്ഥാന നൈപുണികൾ സ്വായത്തമാക്കി പ്രകടന മികവിലേക്ക് നയിക്കുക.
- ജീവിതനൈപുണി, വ്യക്തിശുചിത്വം, സാമൂഹിക സുരക്ഷ എന്നീ ഗുണങ്ങൾ ആർജ്ജിക്കുക.

മേഖല : അക്കാദമികം

ഉപമേഖല : കായികപഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും കായികക്ഷമത കൈവരിക്കൽ | Warming Up<br>Conditioning<br>Aerobics<br>Exercise<br>Skipping Exercises | ജൂൺ, ജൂലൈ | കായിക അധ്യാപിക | |
| • എല്ലാ കുട്ടികൾക്കും ഫിസിക്കൽ ഫിറ്റ്നസ് ടെസ്റ്റ് നടത്തി കായിക ക്ഷമത പരിശോധി ക്കൽ. | Height<br>Weight<br>Body mass index<br>Sit ups (Tests)<br>Sit and reach (Test)<br>Modified Pull ups<br>One mile run/walk (Test)<br>3500/- | ആഗസ്റ്റ് | കായിക അധ്യാപിക | |
| • ഖൊ-ഖൊ ഗെയിമിൽ കുട്ടികളെ സംസ്ഥാന നിലവാരത്തിലേക്ക് സജ്ജരാക്കൽ | • ഗെയിമിൽ മികച്ച പ്രകടനം നടത്തുന്ന കുട്ടികളെ കണ്ടെത്തുന്നു.<br>• രാവിലെയും വൈകുന്നേരവും അധികസമയം കണ്ടെത്തി തുടർച്ച യായ പരിശീലനം.<br>• ICT സാധ്യത ഉപയോഗിച്ച് വിവിധ രാജ്യാന്തര മത്സരങ്ങളുടെ വീഡിയോ കാണൽ.<br>• വിവിധ സ്കൂൾ/ക്ലബ്ബുമായി പ്രാക്ടീസ് മത്സരം സംഘടിപ്പിക്കൽ.<br>• കോച്ചിന്റെ സേവനം [illegible] ഉപയോഗിച്ച് തിരുത്തൽ.<br>2500/- | | | 2500 |

| | | | | |
|---|---|---|---|---|
| • ലോംഗ് ജംപ്, ട്രിപ്പിൾ ജംപ്, ഹർഡിൽസ് സ്പ്രിന്റ് (100 മീ, 200 മീ, 400 മീ) എന്നി ഇനങ്ങളിൽ കുട്ടികളെ ജില്ലാ നിലവാരത്തിലേക്ക് സജ്ജരാക്കൽ | • Identifying student<br>• Fitness training<br>• Speed training<br>• Strength training<br>• Circuit training<br>• Flexibility training<br>• ICT സഹായത്തോടെ സ്കിൽ കാണൽ<br>• വിവിധ മത്സരങ്ങളിൽ പങ്കെടുക്കൽ.<br>• സിന്തറ്റിക് ട്രാക്കിൽ പരിശീലനം<br>30,000/- | ജൂൺ – ജനുവരി | | |
| • കുട്ടികളിൽ ഉണ്ടാകുന്ന മാനസിക പിരിമുറുക്കം ലഘൂകരിക്കൽ | • മൈനർ ഗെയിമുകൾ<br>• യോഗാസനങ്ങൾ<br>• മെഡിറ്റേഷൻ<br>• പ്രോഗ്രസീവ് മസിൽ റിലാക്സേഷൻ<br>• കണ്ണിന് റിലാക്സേഷൻ Exercise | | | |
| • സ്കൂൾതല Internal മത്സരം സംഘടിപ്പിക്കൽ | • അക്കാദമിക വർഷാരംഭം മുതൽ കുട്ടികളെ വിവിധ ഹൗസുകളായി തിരിച്ച് സ്കൂളിന്റെ ഗ്രൗണ്ട് പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>June to February<br>PTA, SMC, MPTA | | | |

| | | | | |
|---|---|---|---|---|
| • ആരോഗ്യശീലങ്ങളെ ക്കുറിച്ച് അറിവ് നേടൽ Food and Nutrition | • ധാന്യകം, മാംസം, കൊഴുപ്പ്, വിറ്റാമി നുകൾ, ധാതുക്കൾ ഇവയെക്കുറിച്ച് അറിവു നേടൽ.<br>• ഇവ അടങ്ങിയിരിക്കുന്ന ഭക്ഷണപദാ ർത്ഥങ്ങളുടെ ലിസ്റ്റ് തയ്യാറാക്കൽ.<br>• ഗ്രൂപ്പ് ചർച്ച, ചാർട്ട് പ്രസന്റേഷൻ<br>• കായിക പ്രവർത്തനത്തിൽ ഏർപ്പെടുന്ന വ്യക്തിക്ക് ആവശ്യമായ ഊർജ്ജത്തിന്റെ അളവ് മനസ്സിലാ ക്കുന്നു. | | | |

# മൂല്യാധിഷ്ഠിത വിദ്യാഭ്യാസം

***ലക്ഷ്യങ്ങൾ***

- സഹജീവികളോടുള്ള സ്നേഹം, കരുണ എന്നിവ വളർത്തുന്നതിന്.
- മാനുഷിക മൂല്യങ്ങളുള്ള തലമുറയെ വളർത്തുന്നതിന്.
- ലഹരി ഒരു സാമൂഹിക വിപത്താണെന്ന അവബോധം കുട്ടികളിൽ വളർത്തുന്നതിന്.

**മേഖല : അക്കാദമികം** **ഉപമേഖല : കലാപഠനം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| | • മാധ്യമങ്ങളിൽ വരുന്ന കാരുണ്യ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാർത്തകൾ ശേഖരിച്ച് അവതരണം, ബുള്ളറ്റിൻ ബോർഡിൽ പ്രദർശനം.<br>• സന്മാർഗ കഥകൾ - ഒന്നാം പിരീയഡ് അധ്യാപകർ അവതരിപ്പിക്കുന്നു.<br>• ലഹരിക്കെതിരെ ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നു. | | | |

# ജൈവവൈവിധ്യപാർക്ക്

മേഖല : ഭൗതികം | ഉപമേഖല : ഹരിത പരിസരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയം തന്നെ പാഠപുസ്തകം. നിരീക്ഷ ണ പരീക്ഷണങ്ങൾ സ്കൂൾ കോമ്പൗണ്ടിൽ തന്നെ നടത്താനുള്ള അവസരം ലഭിക്കുന്നു. | ***ജൈവവൈവിധ്യപാർക്ക്***<br>ചെറിയ കുളം<br>ജലജീവികൾ, ജലസസ്യങ്ങൾ, പക്ഷി കൾ, പക്ഷിക്കൂട്<br>***ഔഷധോദ്യാനം***<br>പാഠ്യപദ്ധതിയിലുൾപ്പെട്ട മുഴുവൻ സസ്യങ്ങളെ കോമ്പൗണ്ടിൽ സജ്ജീക രിക്കൽ. | 6 മാസം | പി.ടി.എ., അധ്യാപകർ | 25,000/-<br>പി.ടി.എ. |
| കുട്ടികളെ ആകർഷിക്കുന്നതിനും മാനസികോല്ലാസം നൽകുന്നതിനുമുള്ള ശിശുസൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിന്. | ***സുന്ദരശുചിത്വ പരിസരം***<br>പൂന്തോട്ടം ആകർഷകമാക്കൽ<br>ചെടിച്ചട്ടികളും ചെടികളും സജ്ജമാക്കൽ<br>***ശലഭോദ്യാനം***<br>ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നട്ടുപിടിപ്പിക്കുന്നു. | ജൂൺ മുതൽ 2 മാസം | പി.ടി.എ., എം.പി.ടി.എ., അധ്യാപകർ, കുട്ടികൾ | 1,000/- |
| | ***ശിശുസൗഹൃദ വിദ്യാലയം***<br>പ്രവേശന കവാടം<br>കമാനാകൃതിയിൽ മുറ്റം ടൈൽ പതിക്കൽ<br>കിണറിന്റെ ചുറ്റുമതിൽ ആകർഷകമാക്കൽ<br>ചൈൽഡ് പാർക്ക്-ഇരിപ്പിടങ്ങൾ, കളിയുപകരണങ്ങൾ<br>മോഡലുകൾ എന്നിവ നിർമ്മിക്കൽ. | 1 വർഷം | എച്ച്.എം., പി.ടി.എ. | 5,00,000 ലക്ഷം<br>MP Fund |